കുക്കിംഗ് ഗ്യാസ് കണക്ഷൻ ഉള്ളവർക്ക് മണ്ണെണ്ണ പെർമിറ്റ്

131 (3321) ശ്രീ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുക്കിംഗ് ഗ്യാസ് കണക്ഷൻ ഉള്ളവർക്ക് ഇപ്പോൾ എത്ര ലിറ്റർ മണ്ണെണ്ണയ്ക്കുള്ള പെർമിറ്റാണ് നല്കിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് നിലവിലുള്ള മണ്ണെണ്ണ പെർമിറ്റ് പൂർണ്ണമായും നിർത്തലാക്കുന്നതിന് പകരം നിലവിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവിൽ കുറവുവരുത്തി തുടർന്നും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണയുടെ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചുകിട്ടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 1-3-2000 മുതൽ രണ്ടു ഗ്യാസ് സിലിണ്ടർ കണക്ഷൻ ഉള്ളവർക്ക് പെർമിറ്റ് പ്രകാരമുള്ള മണ്ണെണ്ണ നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. ഒരു സിലിണ്ടർ കണക്ഷനുള്ള ഉപഭോക്താക്കൾക്ക് പ്രതിമാസം മൂന്ന് ലിറ്റർ വീതമുള്ള മണ്ണെണ്ണ, ലഭ്യതയനുസരിച്ച് അനുവദിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തിന് ഇപ്പോൾ അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് സംസ്ഥാനത്തിന്റെ നിലവിലുള്ള ആവശ്യകതയ്ക്ക് തന്നെയും തികയുന്നില്ല. മണ്ണെണ്ണയുടെ ലഭ്യതക്കുറവു മൂലമാണ് രണ്ട് ഗ്യാസ് സിലിണ്ടർ കണക്ഷനുള്ള ഉപഭോക്താക്കളുടെ മണ്ണെണ്ണ വിതരണം നിർത്തിവയ്ക്കേണ്ടിവന്നത്. ആയതിനാൽ അളവിൽ കുറവുവരുത്തി തുടർന്ന് പെർമിറ്റനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്ക് അനുസരിച്ച് മണ്ണെണ്ണയുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്.

കുക്കിംഗ് ഗ്യാസ് ഏജൻസികൾ അമിത ചാർജ് ഇടാക്കുന്നതായുള്ള പരാതി

132 (3322) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുക്കിംഗ് ഗ്യാസ് ഏജൻസിയിൽ നിന്ന് ഗ്യാസ് നേരിട്ടെടുക്കുന്ന ഉപഭോക്താക്കൾ ഒരു സിലിണ്ടറിന് നൽകേണ്ട ചാർജ്ജ് എത്ര ; ഗ്യാസ് വീട്ടിലെത്തിക്കുമ്പോൾ നൽകേണ്ട ചാർജ്ജ് എത്ര ;

(ബി) ഗ്യാസ് ഏജൻസിയിൽ നിന്നും നേരിട്ടെടുക്കുന്ന ഉപഭോക്താക്കളോടും വീട്ടിൽ എത്തിക്കുമ്പോൾ കൊടുക്കുന്ന കൂടിയ ചാർജ് ഈടാക്കുന്നുണ്ടോ എന്നു പരിശോധിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly